പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *315 17.12.2015 ൽ മറുപടിക്ക്

## റോഡപകടങ്ങളിൽ മരണമടയുന്ന ചെറുപ്പക്കാരുടെ എണ്ണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.മോയിൻ കുട്ടി:<br>,, അബ്ദുറഹിമാൻ രണ്ടത്താണി:<br>,, പി.ബി. അബ്ദുൾ റസാക്:<br>,, കെ.മുഹമ്മദുണ്ണി ഹാജി : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | റോഡപകടങ്ങളിൽ മരണമടയുന്ന ചെറുപ്പക്കാരുടെ എണ്ണം വർഷംപ്രതി വർദ്ധിച്ചുവരുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ; | (എ) യും<br>(ബി) യും<br>(സി) യും | ഉണ്ട്. റോഡപകടങ്ങളിൽ മരണമടയുന്ന ചെറുപ്പക്കാരുടെ മരണനിരക്ക് കൂടാനുള്ള കാരണം വർദ്ധിച്ചുവരുന്ന ഇരുചക്രവാഹനങ്ങളുടെ ബാഹുല്യമാണ്. 40 മുതൽ 50 ശതമാനം മരണനിരക്കും ഇരു ചക്രവാഹനാപകടം മൂലമാണ് സംഭവിക്കുന്നതെന്ന് കണക്കുകൾ വിശദമാക്കുന്നു. സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ ലഭ്യമായ 2014 ലെയും 2015 സെപ്റ്റംബർ മാസം വരെയുമുള്ള കണക്കുകൾ അനുസരിച്ച് റോഡപകടങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടെങ്കിലും മുൻവർഷങ്ങളെ അപേക്ഷിച്ച് മരണ നിരക്ക് കുറഞ്ഞിട്ടുണ്ട്. അമിതവേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ്, ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകൾ എന്നിവ വഴി അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തെ |
| (ബി) | എങ്കിൽ പ്രസ്തുത സ്ഥിതി വിശേഷത്തിനുള്ള കാരണങ്ങൾ അപഗ്രഥിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (സി) | റോഡപകടങ്ങളും അതുമൂലമുള്ള ജീവഹാനിയും കുറച്ചുകൊണ്ടുവരുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ? | | |

| | | | |
|---|---|---|---|
| | | | മുഴുവൻ യാത്രാബസ്സുകളിലും മുഴുവൻസമയ നിയന്ത്രണ നിരീക്ഷണത്തിനായി **GPS Vehicle Tracking System** നടപ്പിൽ വരുത്തുന്നതിനായി **C-DAC** യുമായി ചേർന്ന് നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭ്യമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധപതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലങ്ങളിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പ് മുതലായ മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി തിരുത്തൽ നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനം കൂടുതൽ ഫലവത്തായി നടത്തുന്നതിലേക്കും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. 'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ധനസഹായത്തോടെ ബോധവൽക്കരണ പരിപാടി നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ